**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5660      24.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ആശുപത്രിക്കെട്ടിടനിർമ്മാണത്തിന് ആരോഗ്യവകുപ്പിന്റെ അനുമതി**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് ഹോസ്പിറ്റലുകളെയും ക്ലീനിക്കുകളെയും ലാബുകളെയും നിയന്ത്രിക്കുവാനുള്ള നീക്കങ്ങളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ, യാതൊരു സൗകര്യങ്ങളുമില്ലാതെ വീണ്ടും ആശുപത്രികൾ ആരംഭിക്കുവാൻ വേണ്ടി അപേക്ഷകൾ ലോക്കൽ ബോഡികളിൽ സമർപ്പിക്കുന്നവർക്ക് ആരോഗ്യവകുപ്പിന്റെ അനുവാദമില്ലാതെതന്നെ പെർമിറ്റ് നൽകുന്നത് പരിശോധിക്കുമോ; | (എ) | നിലവിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വഴിയാണ് അനുമതി നൽകി വരുന്നത്. നിലവിൽ സ്വകാര്യ ആശുപത്രികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിൽ ആരോഗ്യ വകുപ്പിന് പ്രത്യേകിച്ച് പങ്കൊന്നുമില്ല. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാവുന്നതോടെ നടപടി ക്രമങ്ങളിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ആശുപത്രിക്കെട്ടിടനിർമ്മാണ അനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധന വേണമെന്ന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ കൂണുകൾ പോലെ ആശുപത്രികൾ വരുന്ന കാര്യം വകുപ്പ് പരിശോധിക്കുമോ; | (സി) | തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ കൂടുതൽ ആശുപത്രികൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ജില്ല മെഡിക്കൽ ഓഫീസിൽ ലഭിക്കുന്ന പരാതികളിൽ ഡി.എം.ഒ. നടപടി എടുക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ; | (ഡി) | സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളെയും ലാബുകളെയും നിയന്ത്രിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുന്നതോടെ പരിഹരിക്കപ്പെടുന്നതാണ്. |
| (ഇ) | ഇത്തരത്തിൽ തിരുവനന്തപുരം ഡി.എം.ഒ.യിൽ 2017 ജനുവരി മുതൽ ലഭിച്ച പരാതികൾ എത്രയെന്ന വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ഇ) | ഹോസ്പിറ്റലിനും ലാബിനുമെതിരെ ഓരോ പരാതികൾ വീതം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ